കേരളാസ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലേക്കുള്ള നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ അധികാരപരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. നിയമാധിഷ്ഠിത (സ്റ്റാറ്റ്യൂട്ടറി) കോർപ്പറേഷനുകളും സർക്കാർവക കമ്പനികളും കൂടി അതിന്റെ അധികാരപരിധിയിൽ കൊണ്ടുവരുന്നതാണ്. ഇത് എല്ലാവർക്കും, പ്രത്യേകിച്ച് പിന്നോക്ക വിഭാഗങ്ങൾക്ക് സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതിനും എല്ലാ പബ്ലിക്ക് ഉദ്യോഗങ്ങളിലേക്കുമുള്ള നിയമനങ്ങളിൽ നീതിനിഷ്ഠയും, നിഷ്പക്ഷതയും മാനദണ്ഡമായി തീരുന്നതിനും വളരെ സഹായിക്കുന്നതാണ്. ഉദ്യോഗാർത്ഥികളുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിന് ട്രഷറികളിൽ അപേക്ഷാഫീസ് അടയ്ക്കുന്ന ഇപ്പോഴത്തെ രീതിക്കുപകരം പോസ്റ്റൽ ഓർഡറായി പണമടയ്ക്കുന്ന മാർഗ്ഗം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു.

ഭരണത്തിന്റെ പ്രാധാന്യം നിയമപരിപാലനത്തിൽനിന്നും വികസന കാര്യങ്ങളിലേക്ക് മാറിയെങ്കിലും സംസ്ഥാനത്തിനുള്ളിൽ സമാധാനം നില നിറുത്തുന്നതിലുള്ള ഉത്തരവാദിത്വത്തിൽ ഗവൺമെന്റിന് ഉപേക്ഷയോ അമാന്തമോ കാണിക്കാൻ നിർവ്വാഹമില്ല. ഇന്നത്തെ സംസ്ഥാന പോലീസ് സേന നിയമപരിപാലന പ്രശ്നങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ മതിയാകാതെയാണിരിക്കുന്നത്. ആയതിനാൽ ഇപ്പോഴുള്ള സായുധ സേനയുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും പുറമേ പുതിയ ബാറ്റാലിയനുകൾ സംഘടിപ്പിക്കുന്നതിനും സർക്കാരിന് ഉദ്ദേശമുണ്ട്. ഈ ആവശ്യത്തിലേക്കായി ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു. പോലീസ് ഡിപ്പാർട്ടുമെന്റാവശ്യത്തിന് വാഹനങ്ങൾ വാങ്ങുന്നതിന് 10 ലക്ഷം രൂപാ വേറെയും വകകൊള്ളിച്ചിട്ടുണ്ട്. പോലീസ് സേനയ്ക്ക് ആവശ്യമായ ആഫീസറൻമാർ ഉണ്ടായിരിക്കുന്നതിലേക്കായി സബ്ഇൻസ്പെക്ടർമാരുടെ കേഡറുകൾ വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു.

പഞ്ചായത്തുരാജ് ബിൽ നിയമമാകുമ്പോൾ സർക്കാർവക ഡിപ്പാർട്ടുമെന്റുകളുടെ ഭരണക്രമങ്ങളിലും അതുപോലെതന്നെ അവയുടെ ഘടനയിലും അടിസ്ഥാനപരമായ വ്യതിയാനങ്ങൾ വരുന്നതാണ്. എന്നാൽ ഈ മാറ്റങ്ങളുടെ ശരിയായ രൂപം ഇതുവരെ തെളിഞ്ഞുവന്നിട്ടില്ലാത്തതിനാൽ ഈ വ്യതിയാനങ്ങൾ ബഡ്ജറ്റിൽ പ്രതിഫലിച്ചിട്ടില്ല. രണ്ടാം ഘട്ടം കഴിഞ്ഞിട്ടുള്ള സാമൂഹ്യവികസന ബ്ലോക്കുകൾ നിർത്തലാക്കുന്ന പ്രശ്നവും ഗവൺമെന്റിന്റെ സജീവപരിഗണനയിലിരിക്കുന്നു. ഒരു ബ്ലോക്ക് രണ്ടാം ഘട്ടത്തിന്റെ അവസാനത്തിൽ എത്തുമ്പോൾ ആവശ്യത്തിനുള്ള ഫണ്ടുകളുടെ അഭാവത്തിൽ അതിലെ വികസന പ്രവർത്തനങ്ങൾ ചുരുങ്ങുന്നു. പ്രവർത്തനങ്ങൾക്ക് ആവശ്യമായ തുകകളുടെ അഭാവത്തിൽ ഈ ബ്ലോക്കുകൾ തുടരുന്നതു പൊതുജനവിമർശനത്തിനിടയാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ കാലതാമസമില്ലാതെ ഒരു തീരുമാനമെടുക്കേണ്ടതാണെന്ന് ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. ഏതായാലും തൽക്കാലം ബ്ലോക്ക് ഡെവലപ്പ്മെന്റ് ആഫീസറൻമാരേയും മറ്റു സ്റ്റാഫിനേയും ഭൂപരിഷ്കരണനിയമം നടപ്പാക്കുന്ന ജോലിക്ക് നിയോഗിച്ചിരിക്കയാണ്.

പുനരധിവാസ പ്രവർത്തനങ്ങൾ

സിലോൺ, ബർമ്മാ മുതലായ രാജ്യങ്ങളിൽ നിന്നും കുടിയിറക്കപ്പെട്ടവരുടെ സംഖ്യ അനുക്രമം വർദ്ധിച്ചുവരികയാണ്. ഇവരുടെ പുനരധിവാസം ദേശീയപ്രാധാന്യമുള്ള കാര്യമായതുകൊണ്ട്. ഇൻഡ്യാഗവർമെൻറ് ഇതിനുവേണ്ടിയുള്ള പദ്ധതികൾക്ക് പൂർണ്ണമായി ധനസഹായം നൽകുമെന്നു പ്രതീക്ഷിക്കാം. കുടിയിറക്കപ്പെട്ടവരെ പുനരധിവസിപ്പിക്കാനുള്ള നിരവധി പദ്ധതികളും ഗവൺമെന്റിന്റെ പരിഗണനയിലിരിക്കുകയാണ്. അവയിൽ

LIBRARY ARCHIVES Kerala Legislative Assembly

ചിലത്, റബ്ബർക്കൃഷി ചെയ്യുവാനുള്ള പദ്ധതി, പ്രിമോ പൈപ്പ് ഫാക്ടറിയുടെ വികസനം, പുതിയ വ്യവസായ യൂണിറ്റുകളുടെ സ്ഥാപനം എന്നിവയാണ്. ഈ പദ്ധതികളുടെ വിശദാംശങ്ങളും തയ്യാറാക്കിവരുകയും അവ അപ്പോഴപ്പോൾ കേന്ദ്രഗവൺമെൻറിന്റെ അംഗീകാരത്തിനു സമർപ്പിക്കയും ചെയ്യുന്നുണ്ട്. കേന്ദ്രാനുമതി കിട്ടിക്കഴിഞ്ഞാലുടൻ തന്നെ പ്രവർത്തനം തുടങ്ങുന്നതിനുവേണ്ടി നാമമാത്രമായ തുകകളും ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുണ്ട്. കോപ്പറേറ്റീവ് ഫിനാൻസ് കോർപ്പറേഷൻ ഫിനാൻസ് ഡെവലപ്പുമെൻറ് ബാങ്കിൽ ഓഹരി എടുക്കുന്നതിന് ഒരു ലക്ഷം രൂപാ വകയിരുത്തിയിട്ടും ഉണ്ട്.

തൊഴിലില്ലായ്മ

തൊഴിലില്ലായ്മ ഗവൺമെൻറിന്റെ സത്വര ശ്രദ്ധ അർഹിക്കുന്ന ഒരു പ്രധാന പ്രശ്നമാണ്. തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി നിരവധി പദ്ധതികളും ഗവൺമെൻറിന്റെ പര്യാലോചനയിലിരിക്കുകയാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടിയുള്ള സാമ്പത്തികസഹായം കേന്ദ്ര ഗവൺമെൻറിൽനിന്നും മറ്റു മാർഗ്ഗങ്ങളും വഴിയായും പ്രതീക്ഷിക്കാവുന്നതാണ്. സാങ്കേതിക പരിജ്ഞാനമുള്ളവർക്ക് സ്വന്തമായി വ്യവസായങ്ങളും ആരംഭിക്കുന്നതുന്നതിനു ബാങ്കുകളിൽനിന്നും മറ്റും സഹായം ലഭിക്കുന്നതാണ്. അടുത്തവർഷത്തിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന ചില പരിപാടികൾക്കായി ടോക്കൺ സംഖ്യ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സാങ്കേതിക പരിജ്ഞാനമുള്ള തൊഴിൽ രഹിതരുടെ ഉന്നമനത്തിനുവേണ്ടി വ്യവസായ പരിശീലന സ്ഥാപനങ്ങളോടനുബന്ധിച്ച് ഉൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള പദ്ധതിയാണ് ഇപ്പോൾ മുന്നിലുള്ളത്.

ഈ പ്രശ്നത്തിന് ഒരു ബഹുമുഖമായ പരിഹാരമാർഗ്ഗം കണ്ടെത്തുന്ന കാര്യത്തിൽ ഒട്ടും ഉപേക്ഷ കാണിക്കുകയില്ലെന്നും, പുതിയ പദ്ധതികൾക്ക് മുൻഗണനാക്രമം നിശ്ചയിക്കുമ്പോൾ അവയുടെ തൊഴിൽ സാദ്ധ്യത പ്രത്യേകം കണക്കിലെടുക്കുന്നതാണെന്നും സഭയ്ക്ക് ഉറപ്പു നൽകുവാൻ ഞാൻ ഈ അവസരം വിനിയോഗിച്ചു കൊള്ളുന്നു.

സാമൂഹ്യക്ഷേമം

പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള ക്ഷേമ പ്രവർത്തനങ്ങൾ സാമൂഹ്യക്ഷേമപരിപാടികളിൽ പ്രമുഖസ്ഥാനം വഹിക്കുന്നു. ഹരിജനക്ഷേമപ്രവർത്തനങ്ങളിൽ വിദ്യാഭ്യാസത്തിനാണ് പ്രാധാന്യം. വർഷംതോറും പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉദാരമായ സ്കോളർഷിപ്പ് നൽകുന്നതിനായി ഗണ്യമായ തുക നീക്കിവയ്ക്കാറുണ്ട്. ഇത് അവർക്ക് ഉന്നത വിദ്യാഭ്യാസം നേടുന്നതിനും, അതുവഴി സമൂഹത്തിൽ അർഹമായ സ്ഥാനം കരസ്ഥമാക്കുന്നതിനും വേണ്ടുവോളം അവസരം സൃഷ്ടിക്കുന്നു. വിവിധ മൽസരപ്പരീക്ഷകൾക്ക് ഹരിജന വിദ്യാർത്ഥികളെ സജ്ജരാക്കുന്നതിനുവേണ്ടി പ്രത്യേക പരിശീലനം നൽകുന്ന പരിപാടിയും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാർ സർവ്വീസിന്റെ വിവിധ തുറകളിൽ മതിയായ പ്രാതിനിധ്യം ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും ഉദ്യോഗലബ്ധിയിലുള്ള അവരുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും വേണ്ടി സെക്രട്ടേറിയേറ്റിൽ പ്രത്യേകമായി ഒരു എംപ്ലോയ്മെൻറ് സെൽ രൂപീകരിച്ചിട്ടുണ്ട്. സ്വന്തമായി തൊഴിൽ ഏർപ്പെടുന്നതിനു കഴിവ് ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടുകൂടി കൂടുതൽ സാങ്കേതിക പരിജ്ഞാനം ആവശ്യമില്ലാത്ത നെയ്ത്ത്, പായനെയ്ത്ത് മുതലായ തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുള്ള പദ്ധതികളും

LIBRARY ARCHIVES Kerala Legislative Assembly